1) **23.03.2017 വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 479–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.**

**ഹാജർ**

1) അഡ്വ. സി. എൻ. മോഹനൻ, ചെയർമാൻ, ജിസിഡിഎ.
2) ശ്രീ. എം. സ്വരാജ്, എം.എൽ.എ., തൃപ്പൂണിത്തുറ
3) ശ്രീ. കെ.ജെ. മാക്സി, എം.എൽ.എ., കൊച്ചി
4) ശ്രീ. എം.സി. ജോസഫ്, സെക്രട്ടറി, ജിസിഡിഎ.

**1. തീരുമാനം നമ്പർ 112/2016–17**

*22.02.2017 ബുധനാഴ്ച കൂടിയ 477–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

*22.02.2017*–ൽ കൂടിയ 477–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി (ബഡ്ജറ്റ്) യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**2. തീരുമാനം നമ്പർ 113/2016–17**

*22.02.2017 ബുധനാഴ്ച കൂടിയ 478–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

*22.02.2017*–ൽ കൂടിയ 478–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**3. തീരുമാനം നമ്പർ 114/2016–17**

*27.01.2017 ബുധനാഴ്ച കൂടിയ 476–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

*27.01.2017*–ൽ കൂടിയ 476–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളുടെ തുടർനടപടി കുറിപ്പ് വായിച്ച് റെക്കോർഡ് ചെയ്തു.

**4. തീരുമാനം നമ്പർ 115/2016–17**

*ജിസിഡിഎ – ജീവനക്കാര്യം– ശ്രീ.പി.എം.ഹരികുമാർ,എസ്.എൽ.ആർ വർക്കറുടെ 01.01.1997 മുതൽ 24.08.2006 വരെയുള്ള സി.എൽ.ആർ തസ്തികയിലെ സേവനകാലം പെൻഷൻ ആനുകൂല്യങ്ങൾക്ക് മാത്രമായി പരിഗണിച്ച് ക്രമപ്പെടുത്തുന്നതിന് സർക്കാരിലേക്ക് അപേക്ഷിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നത് – സംബന്ധിച്ച്.*
*(നം. 663/എസ്റ്റാ.2/2016/ജി.സി.ഡി.എ.)*

അതോറിറ്റിയിലെ എസ്.എൽ.ആർ വർക്കർ ശ്രീ.പി.എം.ഹരികുമാറിന്റെ 09.02.17–ലെ അപേക്ഷ പരിഗണിച്ച് ടിയാന്റെ 01.01.97 മുതൽ 24.08.16 വരെയുള്ള സി.എൽ.ആർ

തസ്തികയിലെ സേവനകാലം പെൻഷൻ ആനുകൂല്യങ്ങൾക്ക് മാത്രമായി പരിഗണിച്ച് ക്രമപ്പെടുത്തുന്നതിന് സർക്കാരിലേക്ക് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.

## 5. Same as Sl. No.27

**6. തീരുമാനം നമ്പർ 116/2016-17**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം- കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനം കിഴക്കുഭാഗം മാതൃഭൂമിക്ക് എഡ്യൂക്കേഷൻ എക്സിബിഷന് അനുവദിച്ചത് - ഉപയോഗിക്കാത്ത സ്ഥലത്തിന് അടവാക്കിയ വാടക തിരികെ നൽകുന്നത് - സംബന്ധിച്ച്. (നം. 2199/എസ്റ്റേറ്റ്/എ3/2015/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ് മൈതാനം മെ.മാതൃഭൂമിക്ക് എഡ്യൂക്കേഷൻ എക്സിബിഷൻ നടത്തുന്നതിനായി അനുവദിച്ചതിൽ അതോറിറ്റിക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലായെന്നതും ഒരേക്കർ സ്ഥലം മാത്രമേ ഉപയോഗിച്ചിട്ടുള്ളൂവെന്നതും പരിഗണിച്ച് ഒരേക്കർ സ്ഥലത്തിന്റെ വാടകയായ 87,500/- രൂപ ഈടാക്കി ബാക്കിത്തുകയായ 2,62,500/- രൂപ മെ.മാതൃഭൂമിക്ക് തിരികെ നൽകുന്നതിന് തീരുമാനിച്ചു.

## 7. Same as Sl. No.33

**8. തീരുമാനം നമ്പർ 117/2016-17**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം- സർവ്വെ നം.158/1എ യിൽപ്പെട്ട ഭൂമി (പുനരധിവാസ പ്ലോട്ട് നം.35) ആധാരം ചെയ്യുന്നത് - സംബന്ധിച്ച്.*
*(നം. 11402/ഇ&ആർ/എ3/89/ജി.സി.ഡി.എ.)*

രാമേശ്വരം വെസ്റ്റ് ടൗൺ പ്ലാനിംഗ് പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത സ്ഥലത്തിലുള്ള കുടികിടപ്പുകാരനായിരുന്ന പരേതനായ അയ്യപ്പൻ താഞ്ചന്റെ മകൾ ശ്രീമതി.കാർത്ത്യായനിയുടെ മക്കളായ ശ്രീ.ചെല്ലപ്പൻ, ശ്രീമതി.അജിത, ശ്രീമതി.ജെമ്പു, ശ്രീ.അനിൽ എന്നിവരും അതോറിറ്റിയുമായി നിയമോപദേശ പ്രകാരമുള്ള Indemnity Bond ഒപ്പുവച്ചതിനുശേഷം സർവ്വേ നം.158/1 എ യിൽപ്പെട്ട 4 സെന്റ് സ്ഥലം (പുനരധിവാസ പ്ലോട്ട് നം.35) മേൽപറഞ്ഞ അവകാശികളുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകുന്നതിന് തീരുമാനിച്ചു.

**9. തീരുമാനം നമ്പർ 118/2016–17**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം- സി.എം.ഡി.എസ്സ്- മെയിന്റനൻസ്- റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതു - സംബന്ധിച്ച്.*
*(നം. 7026/ഇ3/2013/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം സി.എം.ഡി.എസ് ഷോപ്പിംഗ് കോംപ്ലക്സിലെ മെയിന്റനൻസ് പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം തയ്യാറാക്കിയ 313550.26/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**10. തീരുമാനം നമ്പർ 119/2016–17**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം- ഓഫീസ് കാന്റീൻ കരാർ നൽകിയ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്.(നം. 4844/എസ്റ്റേറ്റ്/ബി1/2011/ജി.സി.ഡി.എ.)*

ജിസിഡിഎ ഓഫീസ് കാന്റീൻ 01.03.2016 മുതൽ ഒരു വർഷത്തേക്ക് നടത്തി കൊണ്ടുപോകുന്നതിന് മാസവാടക 1000/- രൂപ നിരക്കിൽ ശ്രീമതി.റീന യേശുദാസിന് അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**11. തീരുമാനം നമ്പർ 120/2016–17**

*ജിസിഡിഎ - റവന്യൂ(സിസി) ഗാന്ധിനഗർ HIG-A-18 - പിഴപലിശയിൽ ഇളവു നൽകുന്നത് - സംബന്ധിച്ച്.*
*(നം. സി11/റവന്യൂ(സിസി)/എച്ച്.ഐ.ജി-എ-18/ജി.എൻ/ജി.സി.ഡി.എ.)*

അതോറിറ്റിയുടെ ഗാന്ധിനഗർ ഹൗസിംഗ് സ്കീമിലെ വീട് നം.എച്ച്.ഐ.ജി എ-18ന്റെ അലോട്ടിയായ ശ്രീ.രാകേഷ്കുമാർ റസ്തോഗിക്ക് പിഴ പലിശയിനത്തിൽ ഇളവ് നൽകേണ്ടതില്ലായെന്ന് തീരുമാനിച്ചു.

**12. തീരുമാനം നമ്പർ 121/2016–17**

*ജിസിഡിഎ - റവന്യൂ(സിസി) ഗാന്ധിനഗർ HIG-C-14 - പിഴപലിശയിൽ ഇളവു നൽകുന്നത് - സംബന്ധിച്ച്.*
*(നം.സി11/റവന്യൂ(സിസി)/എച്ച്.ഐ.ജി.സി-14/ജി.എൻ/ജിസിഡിഎ)*

അതോറിറ്റിയുടെ ഗാന്ധിനഗർ ഹൗസിംഗ് സ്കീമിലെ വീട് നം.എച്ച്.ഐ.ജി സി-14-ന്റെ അലോട്ടിയായ ശ്രീ.ശരൺകുമാറിന് പിഴ പലിശയിനത്തിൽ ഇളവ് നൽകേണ്ടതില്ലായെന്ന് തീരുമാനിച്ചു.

**13. തീരുമാനം നമ്പർ 122/2016-17**

*ജിസിഡിഎ - റവന്യൂ(സിസി) - ചേരി നിർമ്മാർജ്ജന പദ്ധതി തമ്മനം കിസ്സാൻ കോളനി സ്ലം.വീട് നം.159 നിരാക്ഷേപ പത്രം നൽകുന്നത് - സംബന്ധിച്ച്.*
*(നം. സി11/റ്റി.സ്ലം/റവന്യൂ(സിസി)/എച്ച്.നം.159/ജി.സി.ഡി.എ.)*

അതോറിറ്റിയുടെ ചേരിനിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനി സ്ലം വീട് നം.159ന്റെ അലോട്ടിയായ ശ്രീ.സി.എസ്.മാർട്ടിന് വീട് വിൽക്കുന്നതിനായി നിരാക്ഷേപ പത്രം നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**14. തീരുമാനം നമ്പർ 123/2016-17**

*ജിസിഡിഎ - ലോൺ വിഭാഗം - എം.ഐ.ജി - ഭവന വായ്പ പദ്ധതിയിൽ മേൽ നൽകിയ വായ്പയിൽ പിഴപലിശയിൽ ഇളവു നൽകുന്നത് - സംബന്ധിച്ച്.*
*(നം. എൽ11/28645/എം.ഐ.ജി/ലോൺ/ജി.സി.ഡി.എ.)*

അതോറിറ്റിയുടെ എം.ഐ.ജി. ഭവനവായ്പ പദ്ധതി പ്രകാരം ശ്രീ.എം.എൻ.ചന്ദ്രൻ എന്നയാൾക്ക് അനുവദിച്ച വായ്പയിൽ പിഴപലിശ ഇളവ് നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

**15. തീരുമാനം നമ്പർ 124/2016-17**

*ജിസിഡിഎ -റവന്യൂ എടത്തല ഭവന പദ്ധതി ഒന്നാംഘട്ടം വീട് നം. III-36 ന്റെ മുൻകൈമാറ്റ ഫീസ് ഒഴിവാക്കി വീട് ശ്രീമതി.സതീദേവിക്ക് നൽകുന്നത് - സംബന്ധിച്ച്.*
*(നം. സി7/റവന്യൂ/ഇ.എച്ച്.എസ് I/III-36-ജി.സി.ഡി.എ.)*

എടത്തല ഭവന പദ്ധതി ഒന്നാംഘട്ടം വീട് നം.III/36 അലോട്ട് ചെയ്തിരുന്ന സിജു.റ്റി.സിയും, ശ്രീ.എം.ബി മൊയ്തീനും ബന്ധുക്കൾ അല്ലാത്തതിനാൽ കൈമാറ്റ ഫീസ് ഒഴിവാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**16. തീരുമാനം നമ്പർ 125/2016-17**

*ജിസിഡിഎ - പൊതുഭരണ വിഭാഗം - 2016-17 വർഷത്തേയ്ക്ക് പുതിയ പരസ്യ ഏജൻസിയെ നിയമിച്ച് കരാർ വെയ്ക്കുന്നത് - സാധൂകരണം - സംബന്ധിച്ച്.*
*(നം. 6738/ജി1/2016/ജി.സി.ഡി.എ.)*

അതോറിറ്റിയിൽ 01.12.16 മുതൽ 30.11.2017 വരെ പരസ്യ ഏജൻസിയായി മെ.ഐ.ടി.എൽ കമ്മ്യൂണിക്കേഷൻസിന് വർക്ക് ഓർഡർ നൽകിയ കരാർ വയ്പിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**17. തീരുമാനം നമ്പർ 126/2016-17**

*ജിസിഡിഎ - റവന്യൂ വിഭാഗം -സി.എം.ഡി.എസ് - കടമുറി നം.എസ്-49- വാടക കുടിശ്ശിക കണക്കാക്കുന്നത് - സംബന്ധിച്ച്.*
*(നം. 19312/സി-15/എസ്-49/സിഎംഡിഎസ്/ജി.സി.ഡി.എ.)*

വിഷയം രേഖകൾ പരിശോധിക്കുന്നതിനായി മാറ്റി വയ്ക്കുന്നതിന് തീരുമാനിച്ചു.

**18. തീരുമാനം നമ്പർ 127/2016-17**

*ജിസിഡിഎ - ജീവനക്കാര്യം- ശ്രീ.എസ്.ഫ്രാൻസിസ്, ശ്രീ.സാബു.കെ.പി എന്നിവർക്ക് യഥാക്രമം തസ്തികമാറ്റം വഴി ക്ലറിക്കൽ തസ്തികയിൽ നിയമനം അറ്റൻഡർ തസ്തികയിൽ സ്ഥിര സ്ഥാനക്കയറ്റം നൽകിയ നടപടികൾ ബഹു.നിർവ്വാഹക സമിതിയുടെ സാധൂകരണത്തിനും ആയത് സർക്കാരിൽ അറിയിക്കുന്നതിനുള്ള അനുമതിക്കും - സംബന്ധിച്ച്. (നം. 2843/എസ്റ്റാ.2/2011/ജി.സി.ഡി.എ.)*

03.01.2014-ലെ സ.ഉ(പി) നം.1/2014/ഉഭപവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം താഴ്ന്ന തസ്തികയിലെ ജീവനക്കാർക്ക് അനുവദനീയമായ തസ്തികമാറ്റം വഴി ക്ലറിക്കൽ തസ്തികയിൽ യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ ശ്രീ.എസ്.ഫ്രാൻസിസിന് നൽകിയ നിയമനം തന്മൂലം അറ്റൻഡർ തസ്തികയിലുണ്ടായ സ്ഥിരം ഒഴിവിലേക്ക് ശ്രീ.സാബു.കെ.പി-ക്ക് നൽകിയ സ്ഥിര സ്ഥാനക്കയറ്റം എന്നീ നടപടികൾ സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**19. തീരുമാനം നമ്പർ 128/2016-17**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം- അതോറിറ്റി വക വിവിധ വാണിജ്യ സമുച്ചയങ്ങളിലെ കടമുറി/ഓഫീസ് എന്നിവയ്ക്കായുള്ള ടെണ്ടർ/ലേലം - സംബന്ധിച്ച്.*
*(നം. 6039/എസ്റ്റേറ്റ്/ബി2/2016/ജി.സി.ഡി.എ.)*

അതോറിറ്റി വക വിവിധ വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ/ഓഫീസ് സ്പേസ് എന്നിവ അലോട്ട് ചെയ്യുന്നതിനായി 28.10.2016ൽ നടത്തിയ ടെണ്ടർ/ലേലത്തിൽ താഴെ പറയും പ്രകാരം അലോട്ട് ചെയ്ത നടപടികൾ സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

<u>മറൈൻഡ്രൈവ് വാണിജ്യ സമുച്ചയം</u>

1. ഓഫീസ് സ്പേസ് 27 - ടി മുറി പുനർലേലത്തിൽ ഉൾക്കൊള്ളിക്കുന്നതിനും ഒന്നാം ബിഡറുടെയും രണ്ടാം ബിഡറുടെയും നിരതദ്രവ്യതുക അതോറിറ്റി ഫണ്ടിലേക്ക് കൂട്ടുന്നതിന് ഉത്തരവായത്.
2. റാംപിനടുത്തുള്ള വേക്കൻറ് സ്പേസ് - അലോട്ട് ചെയ്ത് കരാർ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ടി സ്ഥലം ചെയർമാനും സെക്രട്ടറിയും നേരിട്ട് പരിശോധന നടത്തുന്നതിനും തീരുമാനിച്ചു.
3. ഒ.എസ്. 63
4. ഒ.എസ്. 51

(3, 4) — റീ ടെണ്ടർ നടത്തുന്നതിന് തീരുമാനിച്ചു.

5. ഒ.എസ്. 54
6. ഒ.എസ്. 2 - പാർട്ട്/കലൂർ വർക്കിംഗ് ജേർണലിസ്റ്റ് കോളനി
   ഒന്നാം ബിഡർ - ശ്രീ.വിപിൻകുമാർ (16/ച.അടി)
7. ഒ.എസ്. 3 - കലൂർ വർക്കിംഗ് ജേർണലിസ്റ്റ് കോളനി
   റീ ടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ചു.

ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം കടമുറികൾ.

8. എഫ് -1205 - രണ്ടാം ബിഡർ- മെ.മേബിൾ ട്രേഡ് ലിങ്ക്സ് (32/- ച.അടിക്ക്)
9. എഫ്-1306 - ഒന്നാം ബിഡർ - ശ്രീ.ബിജു തോമസ് (32/- ച.അടി)
10. എഫ് -1207 - രണ്ടാം ബിഡർ- മെ.മേബിൾ ട്രേഡ് ലിങ്ക്സ് (31/- ച.അടിക്ക്)
11. എഫ്-1208 - ഒന്നാം ബിഡർ മെ.മേബിൾ ട്രേഡ് ലിങ്ക്സ് (32/- ച.അടിക്ക്)
12. ജി-1201 - ഒന്നാം ബിഡർ ശ്രീ.മുഹമ്മദ് അസ്ലാം കെ.പി (33/- ച.അടിക്ക്)
13. ജി -1202 - രണ്ടാം ബിഡർ- ഉമ്മർ.റ്റി.എ (25/- ച.അടിക്ക്)
14. ജി -1203 - രണ്ടാം ബിഡർ- ശ്രീ.മുഹമ്മദ് അസ്ലാം കെ.പി (16.60/- ച.അടിക്ക്)
15. ജി-1302 - രണ്ടാം ബിഡർ- ശ്രീമതി.സിനി അനീഷ് (40/- ച.അടിക്ക്)

മെ.മേബിൾ ട്രേഡ് ലിങ്ക്സിന് അനുവദിച്ച് നൽകിയിരുന്ന എഫ്-1208/ ജെ.എൻ.ഐ.എസ് നമ്പർ കടമുറി ഓഫീസ് പർപ്പസിനും കൂടി ഉപയോഗിക്കുന്നതിന് അനുവദിക്കുന്നതിനും തീരുമാനിച്ചു.

**20. തീരുമാനം നമ്പർ 129/2016-17**

*ജിസിഡിഎ - ജീവനക്കാര്യം- 31.08.1994 മുതൽ 31.12.1996 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി 179 ദിവസം പൂർത്തിയാക്കിയിട്ടുള്ള അംഗപരിമിതരായ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നുള്ള സാമൂഹ്യനീതി വകുപ്പിന്റെ ഉത്തരവ് പ്രകാരം ശ്രീമതി.ഹഫ്സത്ത്.പി.എ-യ്ക്ക് ക്ലർക്ക് തസ്തികയിൽ നിയമനം നൽകിയത് സംബന്ധിച്ച്. (നം. 4028/എസ്റ്റാ.2/2016/ജി.സി.ഡി.എ.)*

20.06.2016-ലെ സ.ഉ നം.7/16/സാ.നീ.വ പ്രകാരം 8/94 മുതൽ 12/96 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസത്തെ താൽക്കാലിക സേവനം പൂർത്തിയാക്കിയ അംഗപരിമിതരായ ജീവനക്കാരെ അതേ തസ്തികയിൽ തന്നെ നിയമിക്കണമെന്ന ഉത്തരവിൻ പ്രകാരം ശ്രീമതി.ഹഫ്സത്ത് പി.എ അതോറിറ്റിയിൽ ജോലി ചെയ്തിരുന്നത് അസി.ഗ്രേഡ് II തസ്തികയിലായിരുന്നുവെങ്കിലും 04.07.06 ന് ശേഷം ജിസിഡിഎയിലെ നിയമനങ്ങൾ മുനിസിപ്പൽ കോമൺ സർവ്വീസ് പ്രകാരം ക്ലർക്ക്, സീനിയർ ക്ലർക്ക് രീതിയിലായതിനാൽ ശ്രീമതി. ഹഫ്സത്തിന് ക്ലർക്ക് തസ്തികയിൽ നിയമനം നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**21. തീരുമാനം നമ്പർ 130/2016-17**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം- വരാപ്പുഴ പഞ്ചായത്ത് - ബസ് സ്റ്റാന്റ് -കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - ബാദ്ധ്യത രഹിത പത്രം നൽകുന്നതു- സംബന്ധിച്ച്. (നം. 4536/ഇ3/2005/ജി.സി.ഡി.എ.)*

വരാപ്പുഴ പഞ്ചായത്തിനു വേണ്ടി അതോറിറ്റി പണി കഴിപ്പിച്ച ബസ് സ്റ്റാന്റ് കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് ചെലവ് അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ്, പലിശ, എന്നീയിനങ്ങളിൽ ലഭിക്കാനുള്ള തുക മുഴുവനും ഈടാക്കുന്നതിനും ഇളവ് നൽകേണ്ട തില്ലെന്നും തീരുമാനിച്ചു.

**22. തീരുമാനം നമ്പർ 131/2016-17**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം- എൽ.എ.ആർ കേസുകളിൽ വിധിക്കട സംഖ്യ അടവു വരുത്തിയത് - സംബന്ധിച്ച്. (നം. 8672/എസ്റ്റേറ്റ്/എ2/2003/ജി.സി.ഡി.എ.)*

അതോറിറ്റിയിലെ എൽ.എ.ആർ കേസുകളിൽ വിധിക്കട സംഖ്യ അടവാക്കുന്നത് സംബന്ധിച്ച് നിയമോപദേശം ലഭ്യമാക്കുന്നതിന് തീരുമാനിച്ചു.

**23. തീരുമാനം നമ്പർ 132/2016-17**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം- ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം - ഫിഫ അണ്ടർ -17- കളിക്കളത്തിലെ പുല്ല് വച്ച് പിടിപ്പിക്കുന്ന പ്രവൃത്തി പാസ്പാലം പുല്ലിന് പകരം ബർമുഡ പുല്ല് പിടിപ്പിച്ച നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്. (നം. 2655/ഇ2/2016/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം ജെ.എൻ.ഐ.എസ്-ൽ ഫിഫ അണ്ടർ-17 ലോകകപ്പിന് അനുബന്ധിച്ച് കളിക്കളത്തിൽ പാസ്പാലം പുല്ല് മാറ്റി ബർമുഡ പുല്ല് പിടിപ്പിച്ച പ്രവൃത്തി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**24. തീരുമാനം നമ്പർ 133/2016-17**

*ജി.സി.ഡി.എ. - പൊതുഭരണ വിഭാഗം - അതോറിറ്റി ജീവനക്കാരുടെ റിക്രിയേഷൻ ക്ലബ്ബിന് ബഡ്ജറ്റ് പ്രകാരമുള്ള തുക അനുവദിക്കുന്നത് - സംബന്ധിച്ച്. (നം. 5310/ജി3/2013/ജി.സി.ഡി.എ.)*

ജീവനക്കാരുടെ റിക്രിയേഷൻ പ്രവർത്തനങ്ങൾക്കായി 2015-16 വർഷത്തെ ബജറ്റ് വിഹിതമായ 50,000/- രൂപ ജിസിഡിഎ റിക്രിയേഷൻ ക്ലബ്ബിന് അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു. തീരുമാനിച്ചു.

**25. തീരുമാനം നമ്പർ 134/2016-17**

*ജിസിഡിഎ - റവന്യൂ (സിസി) - അതോറിറ്റി നിർമ്മിച്ചു നൽകിയ തമ്മനം കിസ്സാൻ കോളനിയിലെ വീടുകളുടെ ജീർണ്ണാവസ്ഥ സംബന്ധിച്ച്.*
*(നം. സി11/റവന്യൂ (സിസി)/റ്റികെസി/2017/ജി.സി.ഡി.എ.)*

അതോറിറ്റിയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനിയിലെ 197 വീടുകൾ പുനർനിർമ്മിച്ചു നൽകുന്നതിന് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാരിലേക്ക് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.

**26. തീരുമാനം നമ്പർ 135/2016-17**

*ജിസിഡിഎ - റവന്യൂ (സിസി)- ചേരി നിർമ്മാർജ്ജന പദ്ധതി തമ്മനം കിസ്സാൻ കോളനി - സ്ലം വീട് നമ്പർ. 73 - നിരാക്ഷേപ പത്രം നൽകുന്നത് സംബന്ധിച്ച്.*
*(നം.സി11/6214/റവന്യൂ(സിസി)/എച്ച്നമ്പർ.73/റ്റികെസി/ജിസിഡിഎ)*

അതോറിറ്റിയുടെ ചേരിനിർമ്മാർജ്ജനപദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനി സ്ലം തീരുമാനിച്ചു. വീട് നം. 73-ശ്രീമതി നബീസയ്ക്ക് വീടിന്റെ ആധാരം തമ്മനം സർവ്വീസ് സഹകരണ ബാങ്കിൽ പണയപ്പെടുത്തി ലോണെടുക്കുന്നതിന് നിരാക്ഷേപപത്രം നൽകുന്നതിന് തീരുമാനിച്ചു.

**27. തീരുമാനം നമ്പർ 136/2016-17**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം- സി.എം.ഡി.എസ്സ് - ഒ.എസ്-61- വാടകക്ക് അനുവദിച്ചത് - സംബന്ധിച്ച്. (നം. 3295/എസ്റ്റേറ്റ്/ബി2/2015/ജി.സി.ഡി.എ)*

അതോറിറ്റിയുടെ മറൈൻഡ്രൈവ് വാണിജ്യ സമുച്ചയത്തിലെ ഒ.എസ്സ്-61 നമ്പർ മുറി പല പ്രാവശ്യം ടെണ്ടർ/ലേലം നടത്തിയിട്ടും ആവശ്യക്കാരില്ലാതിരുന്ന സാഹചര്യത്തിൽ ശ്രീ.ആന്റണി ജെയിംസിന്റെ അപേക്ഷ പരിഗണിച്ച് 14/- രൂപ/ച.അടി നിരക്കിൽ വാടക, പൊതുപരിപാലന ചെലവ്, സർവ്വീസ് ടാക്സ്, കോർപ്പറേഷൻ നികുതികൾ എന്നിവ അടക്കാൻ തയ്യാറാണെന്ന വ്യവസ്ഥയിൽ 21.01.16 മുതൽ 10 വർഷത്തേക്ക് കരാർ രജിസ്റ്റർ ചെയ്ത നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**28. തീരുമാനം നമ്പർ 137/2016–17**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം– ജിസിഡിഎ ഓഫീസിലെ സെർവർ റൂമിലേക്ക് പവർ വയറിംഗ് പ്രവർത്തി നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ സാധൂകരിക്കുന്നത് - സംബന്ധിച്ച്. (നം. ഇ1/1166/2017/ജി.സി.ഡി.എ)*

ജിസിഡിഎ ഓഫീസിലെ സെർവർ റൂമിലേക്ക് പവർ വയറിംഗ് പ്രവൃത്തി നടത്തുന്നതിനുവേണ്ടി ടെണ്ടർ ക്ഷണിച്ച് മെ. കീർത്തി ഇലക്ട്രിക്കൽസിന് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**29. തീരുമാനം നമ്പർ 138/2016–17**

*ജിസിഡിഎ - പൊതുഭരണ വിഭാഗം– വക്കീൽ പാനൽ പുന: സംഘടിപ്പിക്കൽ - സംബന്ധിച്ച്. (നം. 3741/ജി3/2007/ജി.സി.ഡി.എ)*

അതോറിറ്റിയിൽ നിലവിലുള്ള വക്കീൽ പാനൽ റദ്ദ് ചെയ്യുന്നതിനും താഴെ പറയുന്ന വക്കീലന്മാരെ ഉൾപ്പെടുത്തി പുതിയ പാനൽ രൂപീകരിക്കുന്നതിനും തീരുമാനിച്ചു.

1. അഡ്വ. നാരായണസ്വാമി
2. അഡ്വ. വി.ജെ. മാത്യൂ & അസ്സോസിയേറ്റ്സ്
3. അഡ്വ. സജീവൻ ഡി.എം.
4. അഡ്വ.തങ്കപ്പൻ എം.കെ
5. അഡ്വ. ജയപ്രകാശ്
6. അഡ്വ. അരുൺ ആന്റണി
7. അഡ്വ. മിനി വി.എ
8. അഡ്വ. യമുന
9. അഡ്വ. ജിമ്മി ജോർജ്ജ്
10. അഡ്വ.രാജേഷ്.റ്റി.ആർ
11. അഡ്വ. റോഷൻ ഐപ്പ്

**30. തീരുമാനം നമ്പർ 139/2016–17**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം– ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം - പെയിന്റിംഗ് - കെസിഎ വ്യവസ്ഥകൾ പാലിക്കാത്തത് - സംബന്ധിച്ച്. (നം. ഇ2/3507/2016/ജി.സി.ഡി.എ)*

ഫിഫ അണ്ടർ 17 നോടനുബന്ധിച്ച് ജെ.എൻഐ സ്റ്റേഡിയത്തിലെ പെയിന്റിംഗ് പ്രവൃത്തി ചെയ്യുന്ന കാര്യം കെ.സി.എ യുമായി ചർച്ച നടത്തി തുടർ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

**31. തീരുമാനം നമ്പർ 140/2016-17**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം - വിളക്കുകാലുകളിൽ പരസ്യം ചെയ്യുന്നതിനുള്ള ടെണ്ടർ അംഗീകരിക്കുന്നത് - സംബന്ധിച്ച്. (നം. ഇ.2/3200/2016/ജി.സി.ഡി.എ)*

ജെ.എൻഐ സ്റ്റേഡിയത്തിലെ വിളക്ക് കാലുകളിൽ പരസ്യ ബോർഡ് സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്കായി ലഭിച്ച ടെണ്ടർ ഒന്നുകൂടി പരിശോധിക്കുന്നതിന് തീരുമാനിച്ചു.

**32. തീരുമാനം നമ്പർ 141/2016-17**

*ജി.സി.ഡി.എ. - ധനകാര്യ വിഭാഗം - AY 2009-10 - ആദായ നികുതി തുകയായ 1,82,79,340/- രൂപ അടവാക്കിയത് - സംബന്ധിച്ച്. (നം. 8456/എഫ്.ബി.1/2005/ജി.സി.ഡി.എ)*

AY 2009-10-ലെ ആദായനികുതി ഡിമാന്റായ 1,82,79,340/- രൂപ അടവാക്കുന്നതിന് സ്വീകരിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**33. തീരുമാനം നമ്പർ 142/2016-17**

*ജിസിഡിഎ എസ്റ്റേറ്റ് വിഭാഗം -സി.എംഡി.എസ്-ഒ.എസ് 50 - വാടകയ്ക്ക് അനുവദിക്കുന്നത്- സംബന്ധിച്ച്. (നമ്പർ.5023/ബി.2/16/ജിസിഡിഎ).*

അതോറിറ്റിയുടെ മറൈൻഡ്രൈവ് വാണിജ്യസമുച്ചയത്തിലെ ഒ.എസ്-50 നമ്പർ മുറി പല പ്രാവശ്യം ടെണ്ടർ/ലേലം നടത്തിയിട്ടും ആവശ്യക്കാരില്ലാതിരുന്ന സാഹചര്യത്തിൽ ശ്രീ.ബിജു റാഫേലിന്റെ അപേക്ഷ പരിഗണിച്ച് 12/- രൂപ/ച.അടി നിരക്കിൽ വാടക, പൊതുപരിപാലന ചെലവ്, സർവ്വീസ് ടാക്സ്, കോർപ്പറേഷൻ നികുതികൾ എന്നിവ അടക്കാൻ തയ്യാറാണെന്ന വ്യവസ്ഥയിൽ 15.10.16 മുതൽ 10 വർഷത്തേക്ക് കരാർ രജിസ്റ്റർ ചെയ്ത നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**34. തീരുമാനം നമ്പർ 143/2016-17**

*ജിസിഡിഎ -നിയമ വിഭാഗം -സി.എംഡി.എസ്- ശ്രീ. എ.എക്സ്. ഗിൽബർട്ട് ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി 22084/15 നമ്പർ കേസിൽ അഡ്വക്കേറ്റുമാർക്ക് ഫീസും, ചെലവും അനുവദിക്കുന്നത് - സംബന്ധിച്ച്. (നം.645/എൽ.ഒ/2015/ജിസിഡിഎ)*

ശ്രീ.എ.എക്സ് ഗിൽബർട്ട് ബഹു.സുപ്രീംകോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി 22084/15നമ്പർ കേസിൽ അതോറിറ്റിക്ക് വേണ്ടി ഹാജരായ അഡ്വ.ഓൺ റെക്കോർഡ് സുദർശ്മേനോൻ സീനിയർ അഡ്വ.സി.എസ്.രാജൻ എന്നിവർ സമർപ്പിച്ച ബില്ലുകൾ പ്രകാരം വക്കീൽ ഫീസ്, ചെലവ് ഇനങ്ങളിലായി 1,67,500/- രൂപ അനുവദിക്കുന്നതിന് തിരുമാനിച്ചു.

**35. തീരുമാനം നമ്പർ 144/2016-17**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം- ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം - ഫിഫ അണ്ടർ -17- എയൽ കണ്ടീഷനിംഗ് പ്രവൃത്തി - പിഴ ഒഴിവാക്കി കരാർ വയ്ക്കുന്നത് (നം. 2670/ഇ2/2016/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം ജെ.എൻ.ഐ.എസ് ൽ ഫിഫ അണ്ടർ 17 നോടനുബന്ധിച്ചുള്ള നവീകരണ പ്രവൃത്തിയായ എയർകണ്ടീഷനിംഗ് നടത്തുന്നതിന് കരാറുകാരായ മെ.എൽ.ജി ഇലക്ട്രോണിക്സിന് നൽകിയ വർക്ക് ഓർഡറിലെ വ്യവസ്ഥ പ്രകാരമുള്ള പിഴ ഒഴിവാക്കി കരാർ വയ്ക്കുന്നതിന് അനുവദിക്കുന്നതിന് തീരുമാനിച്ചു.

**36. തീരുമാനം നമ്പർ 145/2016-17**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - ഡി.വൈ.എഫ്.ഐ. അഖിലേന്ത്യ സമ്മേളനം നടത്തുന്നതിന് കലൂർ സ്റ്റേഡിയം മൈതാനവും മറൈൻ ഡ്രൈവ് മൈതാനവും അനുവദിച്ചത് - വാടകയിളവ് അനുവദിക്കുന്നത് - സംബന്ധിച്ച്.*
*(നം. 7191/എസ്റ്റേറ്റ്/എ3/2016/ജി.സി.ഡി.എ)*

ഡി.വൈ.എഫ്.ഐ യുടെ അഖിലേന്ത്യാ സമ്മേളനം നടത്തുന്നതിനായി 2017 ജനുവരി 20 മുതൽ ഫെബ്രുവരി 9 വരെ കലൂർ സ്റ്റേഡിയം മൈതാനം അനുവദിച്ചതിന്റെ വാടക തുകയുടെ $^1/_3$ തുകയായ 2,08,333/- രൂപയും ഫെബ്രുവരി 2 മുതൽ 5 വരെ മറൈൻഡ്രൈവ് മൈതാനം അനുവദിച്ചതിൽ ഒരു ദിവസത്തേക്ക് 15,000/- രൂപ വാടക നിരക്കിൽ 60,000/- രൂപയും ചേർത്ത് 2,68,333/- രൂപ + സർവ്വീസ് ടാക്സ് ഈടാക്കുന്നതിന് തീരുമാനിച്ചു.

യോഗം 1.00 മണിക്ക് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി